**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3956** **28-06-2024 - ൽ മറുപടിയ്ക്ക്**

**പണിഷ്മെന്റ് റോൾ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് വകുപ്പിൽ ദീർഘകാലം ജോലി ചെയ്തതിന് ശേഷം പണിഷ്മെന്റ് റോൾ മിനിറ്റ്സ് തീർപ്പാക്കാത്ത കാരണത്താൽ പ്രമോഷൻ ലഭിക്കാതെ ഉദ്യോഗസ്ഥർ ജോലിയിൽ നിന്ന് റിട്ടയർ ചെയ്യേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അച്ചടക്കനടപടി നിലനിൽക്കുന്ന കാലയളവിൽ പോലീസ് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുവാൻ നിയമപരമായി കഴിയുന്നതല്ല. സ്ഥാനക്കയറ്റം തടയുന്നതിനായി പണിഷ്മെന്റ് റോൾ മിനിറ്റ്സ് ബോധപൂർവ്വം തീർപ്പാക്കാതിരിക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം വിഷയങ്ങളിൽ പ്രശ്നപരിഹാരത്തിനായി ഡി.വൈ.എസ്.പി. മുതൽ മേൽത്തട്ടിലുള്ള ഉദ്യോഗസ്ഥർ ആരെയാണ് സമീപിക്കേണ്ടത് എന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് കൃത്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുമോ; | (ബി) | ഡി.വൈ.എസ്.പി. മുതൽ മേൽത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ അച്ചടക്ക നടപടി സർക്കാർ തലത്തിലാണ് സ്വീകരിച്ചുവരുന്നത്.. |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് വകുപ്പിൽ പണിഷ്മെന്റ് റോൾ മിനിറ്റ്സ് സംബന്ധിച്ച ഫയലുകൾ ആഭ്യന്തര വകുപ്പിൽ അകാരണമായി തടഞ്ഞു വച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടില്ല. 2024 ഏപ്രിൽ, ജൂൺ മാസങ്ങളിലായി ലഭിച്ച 5 പണിഷ്മെന്റ് റോൾ മിനിട്സുകളിൽ മാത്രമാണ് തുടർ നടപടി സ്വീകരിക്കാൻ അവശേഷിക്കുന്നത്. |
| (ഡി) | ഇക്കാലയളവിൽ പണിഷ്മെന്റ് റോൾ മിനിറ്റ്സ് ലഭിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്ത എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | സി -യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ